## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. എ.മുരളീധരൻ)

നമ്പർ. 225/2017/ഇ8/ഡി.പി.

തിരുവനന്തപുരം
**തീയതി: 08.07.2019**

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - മിനിസ്റ്റീരിയൽ വിഭാഗം - ജില്ലാ ഫാറം ഓഫീസർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ് സെക്രട്ടറിയുടെ 05.07.2019-ലെ 108/എച്ച്1/2019/ഉ.വി.വ. നമ്പർ കത്ത്.
2. കേരള സർക്കാരിന്റെ 06.07.2019-ലെ 1498 നമ്പർ അസാധാരണ ഗസറ്റ്. വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റ്.
3. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് ജൂനിയർ സൂപ്രണ്ട് ശ്രീമതി.എസ്.ആർ.ശ്രീകലയുടെ 30.05.2019 -ലെ അപേക്ഷ.
4. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് ജൂനിയർ സൂപ്രണ്ട് ശ്രീ.എസ്.ബൈജുവിന്റെ 21.06.2019 -ലെ അപേക്ഷ.
5. മലപ്പുറം ജില്ലാ ഫാറം ഓഫീസറിന്റെ 18.06.2019-ലെ 605/2019/എഫ്.എസ്.എം.2 നമ്പർ കത്ത്.

## ഉത്തരവ്

അച്ചടി വകുപ്പ് കോഴിക്കോട് ജില്ലാ ഫാറം സ്റ്റോറിലെ ജില്ലാ ഫാറം ഓഫീസർ ശ്രീ.പി.സുരേന്ദ്രൻ, പത്തനംതിട്ട ജില്ലാ ഫാറം സ്റ്റോറിലെ ജില്ലാ ഫാറം ഓഫീസർ ശ്രീ.കെ.ജി.അജിത് ചന്ദ്രൻ എന്നീ ഉദ്യോഗസ്ഥർ 31.05.2019-ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കോഴിക്കോട്, പത്തനംതിട്ട എന്നീ ജില്ലാ ഫാറം സ്റ്റോറുകളിൽ ജില്ലാ ഫാറം ഓഫീസർമാരുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ പ്രസ്തുത ഒഴിവിലേയ്ക്ക് പരാമർശം (1), (2) പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ സീനിയറായ ഉദ്യോഗസ്ഥർക്ക് തസ്തികമാറ്റ നിയമനരീതി മുഖേന നിയമനം നൽകിയും, പരാമർശം (3) മുതൽ (5) വരെയുള്ള സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ചും, മറ്റു ഉദ്യോഗസ്ഥരുടെ അപേക്ഷകൾ തുടർന്നു വരുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കാവുന്നതാണെന്ന വ്യവസ്ഥയിൻമേൽ, അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജില്ലാ ഫാറം ഓഫീസർ/ സീനിയർ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് താഴെ പറയും പ്രകാരമുള്ള സ്ഥാനക്കയറ്റം / സ്ഥലംമാറ്റം/ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്/തസ്തിക/ കാര്യാലയം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം/ കാര്യാലയം/ തസ്തിക / ശമ്പള സ്കെയിൽ | ഒഴിവിന്റെ വിവരം | സ്ഥലംമാറ്റത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1. | **ശ്രീ.പി.രാമചന്ദ്രൻ നായർ,** ജില്ലാ ഫാറം ഓഫീസർ, ജില്ലാ ഫാറം സ്റ്റോർ, മലപ്പുറം . | സ്ഥലംമാറ്റം ജില്ലാ ഫാറം ഓഫീസർ, ജില്ലാ ഫാറം സ്റ്റോർ, പത്തനംതിട്ട | ശ്രീ.കെ.ജി.അജിത് ചന്ദ്രൻ 31.05.2019-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ | ഓഫീസിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും വേണ്ടി |
| 2. | **ശ്രീമതി.എസ്.ആർ.ശ്രീകല,** ജൂനിയർ സൂപ്രണ്ട്, ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം. | തസ്തികമാറ്റം ജില്ലാ ഫാറം ഓഫീസർ, ജില്ലാ ഫാറം സ്റ്റോർ, കോഴിക്കോട് . 36600-79200 രൂപ | ശ്രീ.പി.സുരേന്ദ്രൻ 31.05.2019-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ | ഓപ്ഷൻ |

| | | | | |
|---|---|---|---|---|
| 3. | ശ്രീ.എസ്.ബൈജു,<br>ജൂനിയർ സൂപ്രണ്ട്,<br>ഗവ. സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | തസ്തികമാറ്റം<br>ജില്ലാ ഫാറം ഓഫീസർ,<br>ജില്ലാ ഫാറം സ്റ്റോർ,<br>മലപ്പുറം<br>36600–79200 രൂപ | ശ്രീ.പി.രാമചന്ദ്രൻ നായർക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ | ഓപ്ഷൻ |

സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർ നിയമിക്കപ്പെട്ട കാര്യാലയങ്ങളിൽ ഉടനടി ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. ടിയാളുകൾക്ക് നിയമാനുസൃതമായ യാത്രാബത്തയ്ക്കുള്ള അർഹതയുണ്ടായിരിക്കുന്നതാണ്.

അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ചവർക്ക് ചേരുംകാലത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്റ്റേഷനിൽ ഒരു വർഷം ഡ്യൂട്ടി പൂർത്തിയാക്കിയിട്ടുള്ള പക്ഷം യാത്രാബത്തയ്ക്കുള്ള അർഹത നിയമാനുസൃതമായിരിക്കും.

ഒപ്പ്/–,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, മലപ്പുറം./കോഴിക്കോട്./പത്തനംതിട്ട
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരു.
ജില്ലാ ഫാറം ഓഫീസർ, ജില്ലാ ഫാറം സ്റ്റോർ, മലപ്പുറം./ കോഴിക്കോട്./പത്തനംതിട്ട .

പകർപ്പ്:– അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സിഎ.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./അക്കൗണ്ട്സ് ഓഫീസർ./ഫാറം കൺട്രോളർ./
ഫിനാൻസ് ഓഫീസർ./സീനിയർ സൂപ്രണ്ട്./ ഓഫീസ് മാനേജർ./
ജൂനിയർ സൂപ്രണ്ട്–ഇI./ഇII/എ.I/ ജിസിപി./ഹെഡ് ക്ലാർക്ക്. ജിസിപി./
ഇ2 സീറ്റ് ./ജിസിപി.ഇ2 സീറ്റ്./എ4 സീറ്റ്./ വെബ്സൈറ്റ്./ ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

ജെ.എസ്.